# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2035 07.12.2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

**കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

ചോദ്യം
ശ്രീ.കെ.ദാസൻ

മറുപടി
ശ്രീ.രമേശ് ചെന്നിത്തല
(ബഹു.ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഈ സർക്കാരിന്റെ കാലയളവിൽ ആഭ്യന്തര വകുപ്പ് മന്ത്രിയുടെ കീഴിലുള്ള വിവിധ വകുപ്പുകൾ മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്ര; ഓരോ പദ്ധതിയുടേയും നിലവിലെ അവസ്ഥ എന്ത്; ഓരോ പദ്ധതിയും വകുപ്പ് തിരിച്ച് വിശദമാക്കുമോ ? | എ) | പോലീസ് വകുപ്പിൽ 2011-12 ലെ മോർഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 6.67 ലക്ഷം രൂപ ചെലവിൽ പയ്യോളി സർക്കിൾ ഓഫീസിന് പുതിയ കെട്ടിടവും 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് മുഖേന 25 ലക്ഷം രൂപ ചെലവിൽ പയ്യോളിയിൽ ഒരു കമ്മ്യൂണിറ്റി പോലീസ് റിസോർഴ്സ് സെന്ററും കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന നിർമ്മിച്ചിട്ടുണ്ട്.<br>13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് കാപ്പാട് എന്ന സ്ഥലത്ത് ഒരു ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് സെന്ററിന്റെ നിർമ്മാണം നടന്നുവരുന്നു. 20 ലക്ഷം രൂപ ചെലവ് വരുന്ന ഇതിന്റെ നിർമ്മാണവും കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് നടത്തുന്നത്.<br>കൂടാതെ കോഴിക്കോട് റൂറൽ എ.ആർ ക്യാമ്പിൽ 50 ലക്ഷം രൂപ ചെലവിൽ ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>എം.എൽ.എമാരുടെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി കൊയിലാണ്ടി കോടതി പരിസരത്ത് ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ഒരുകോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും ഇതിന്റെ പണി ആരംഭിച്ചിട്ടില്ല.<br>കൊയിലാണ്ടി സബ് ജയിലിൽ 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് മുഖേന 2013-14 ൽ 2,93,143 /- രൂപ (രണ്ട് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരത്തി ഒരുനൂറ്റിനാൽപ്പത്തിമൂന്ന് രൂപ മാത്രം) ചെലവിൽ 3 കിലോ വാട്ട് ശേഷിയുള്ള റൂഫ് ടോപ്പ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. അനർട്ട് എംപാനൽ ചെയ്ത ടാറ്റാ പവ്വർ സോളാർ സിസ്റ്റംസ് ലിമിറ്റഡ് എന്ന ഏജൻസി മുഖേനയാണ് ടി പദ്ധതി നടപ്പാക്കിയത്. |

Ramyajothy

സെക്ഷൻ ഓഫീസർ